സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

# കരമനയാറിനു കുറുകെ മേലേകടവ് പാലം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ പദ്ധതി

കരട് റിപ്പോർട്ട്

എസ്. ഐ. എ. സ്റ്റഡി യൂണിറ്റ്
ഐ. ആർ. ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്)
തിരുവനന്തപുരം

17-07-2025

## ഉള്ളടക്കം


### അദ്ധ്യായം - 1 സംഗ്രഹം

1.1 ആമുഖം

1.2 സ്ഥാനം

1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

1.4 ബദൽ സാദ്ധ്യതകൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 സാമൂഹ്യ പ്രത്യാഘാത ലഘൂകരണമാർഗ്ഗങ്ങൾ

### അദ്ധ്യായം - 2 വിശദമായ പദ്ധതി വിവരണം

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം

2.3 പ്രോജക്ടിന്റെ വലിപ്പം, സ്ഥാനം എന്നിവ

2.4 പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

2.6 അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത

2.7 തൊഴിലാളികളുടെ ആവശ്യകത

2.8 മുൻപ് നടത്തിയ പഠനങ്ങൾ

2.9 സംയുക്തമായ നയങ്ങളും നിയമങ്ങളും

### അദ്ധ്യായം - 3 സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

3.1 പശ്ചാത്തലം

3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

3.3 എസ്. ഐ. എ. സ്റ്റഡി ടീം

3.4 ദ്വിതീയ വിവരശേഖരണം

3.5 പദ്ധതിപ്രദേശ സന്ദർശനവും വിവരണങ്ങൾ നൽകലും

3.6 സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരണശേഖരണം

3.7 സ്ഥിതിവിവര ക്രോഡീകരണവും പരിശോധനയും

3.8 സ്ഥിതിവിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

## അദ്ധ്യായം - 4 ഭൂമി തിട്ടപ്പെടുത്തൽ

4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

4.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം

4.5 ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

4.6 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

## അദ്ധ്യായം - 5 മൂല്യ നിർണ്ണയവും വിശകലനവും

5.1 ആമുഖം

5.2 പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നക്ഷേത

5.3 പരോക്ഷമായി ബാധിക്കപ്പെടുന്നക്ഷേത

5.4 ബാധിത കുടുംബങ്ങൾ

5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

## അദ്ധ്യായം - 6 സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

## അദ്ധ്യായം - 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

7.1 ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

7.3 ആഘാത ബാധിതരുടെ തരം

7.4 പൊതുജനങ്ങളുടെ ആശങ്കകൾ

7.5 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ

7.6 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

7.7 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

## അദ്ധ്യായം - 8 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

## അദ്ധ്യായം - 9 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

## അദ്ധ്യായം - 10 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി നിരീക്ഷണവും അവലോകനവും

# അദ്ധ്യായം - 11 വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും

11.1 പ്രധാന കണ്ടെത്തലുകൾ

11.2 എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

## അദ്ധ്യായം - 1

## സംഗ്രഹം

# കരമന ആറിനു കുറുകെ മേലേകടവ് പാലം

# നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ പദ്ധതി

### 1.1. ആമുഖം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ മൂന്നാംമൂട് ജംഗ്ഷനു സമീപം കരമന ആറിനു കുറുകെ പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നു. പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 23, റീസർവ്വേ നമ്പർ 463, 621 ഭാഗം, വിളപ്പിൽ വില്ലേജ് ബ്ലോക്ക് നമ്പർ 1, റീസർവ്വേ നമ്പർ 1-ാം ഭാഗം എന്നിവയിൽ ഉൾപ്പെട്ട 0.0800 ഹെക്ടർ (---- ആർ) ഭൂമിയാണ് മേലേകടവ് പാലം നിർമ്മാണ പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്.

തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് മൂന്നാമ്മൂട് വിളപ്പിൽ റൂട്ടിൽ, മൂന്നാമ്മൂട് ജംഗ്ഷനിൽ നിന്നും ആയിരവല്ലിക്ഷേത്രത്തിനു സമീപത്തായി കരമന ആറിനു കുറുകെ പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നു.

മൂന്നാമ്മൂട് ജംഗ്ഷനിൽ നിന്നും വിളപ്പിൽ, പുളിയറക്കോണം, കാപ്പിവിള തുടങ്ങിയ ജനനിബിഡമായ പ്രദേശങ്ങളിലേയ്ക്ക് പോകുന്നതിനുള്ള യാത്രാമാർഗ്ഗമായിട്ടാണ് കരമന ആറിനു കുറുകെയുള്ള മേലേക്കടവ് പാലം നിർമ്മാണ പദ്ധതി.

ഇപ്പോൾ പ്രദേശവാസികളും, സ്കൂൾ-കൊളേജ് വിദ്യാർത്ഥികളും മറ്റ് യാത്രികരും ദിനം പ്രതി ക്വാറിക്കുള്ളിലൂടെയുള്ള പോപ്സൻ കമ്പനിയുടെ സ്വകാര്യ റോഡും പാലവുമാണ് ഉപ

യോഗിക്കുന്നത്. അരുവിക്കര, മൈലം, വിളപ്പിൽ, കാപ്പിവിള തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കുള്ള യാത്രാമാർഗ്ഗമായും ഈ റോഡ് ഉപയോഗിക്കുന്നു. ആയിരവല്ലിക്ഷേത്രത്തിനു സമീപം വളരെ വിസ്തൃതിയൽ ഒഴുകുന്ന കരമനയാറിലൂടെ മഴക്കാലങ്ങളിലും അരുവിക്കര ഡാം തുറക്കുന്ന സമയങ്ങളിലും വലിയതോതിൽ വെള്ളപ്പൊക്കമുണ്ടാവുകയും ജനങ്ങൾക്ക് യാത്രചെയ്യാൻ കഴി യാത്തവിധം പാലം മുങ്ങിപ്പോവുകയും ചെയ്യുന്നു. ഇതിനു ബദലായി വളരെ ഉയരത്തിൽ വിള പ്പിൽ മേലെക്കടവ് പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ് പുതുതായി നിർമ്മിക്കുന്ന മേലേക്കടവ് പാലം

പ്രദേശവാസികൾക്ക് പ്രധാന ജംഗ്ഷനുകളിലേക്കും, ആശുപത്രി, സ്കൂൾ തുടങ്ങിയ കേന്ദ്രങ്ങളിലേയ്ക്കും വളരെ വേഗത്തിൽ എത്തുന്നതിന് പുതിയ പാലം സൗകര്യപ്രദമാണ്. ഈ പാലം വിളപ്പിൽ മണ്ഡലത്തെയും മേലേക്കടവ് ഉൾപ്പെടുന്ന തിരുവനന്തപുരം മണ്ഡലത്തെയും ബന്ധിപ്പിക്കുകയും യാത്രാസൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഉപകരിക്കും.

ഗതാഗത സൗകര്യത്തിനും, അപകടങ്ങൾ ഒഴിവാക്കുന്നതിനും ജനസുരക്ഷയ്ക്കും വേണ്ടി മേലേക്കടവ് പാലം കരമന നദിക്കു കുറുകെ സംരക്ഷണ ഭിത്തിയോടു കൂടിയി നിർമ്മികുക എന്നത് തികച്ചും അനിവാര്യമായ ഒന്നാണ്.

നീണ്ടകാലമായി പ്രദേശവാസികൾ അനുഭവിക്കുന്ന യാത്രാദുരിതങ്ങൾക്കുള്ള പ്രശ്നപരിഹാ രമായും, തലസ്ഥാന നഗരിയുടെ പുരോഗതിയുടെ ചരിത്രത്തിൽ തിളക്കമാർന്ന ഒരു ഏടായും പദ്ധതി മാറുന്നതായിരിക്കും.

## 1.2 സ്ഥാനം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ വട്ടിയൂർക്കാവ് - വിളപ്പിൽ റൂട്ടിൽ മൂന്നാംമുട് എന്ന പ്രദേശത്തിനു സമീപം കരമന ആറിന് കുറുകെയായും സമീപത്തു നിന്നുമുള്ള ഭൂമിയാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടതായിവരുന്നത്. സിറ്റി പ്രദേശത്തെ ക്കാളും വളരെ ഉയർന്നു കിടക്കുന്ന പ്രദേശമാണ് പദ്ധതി പ്രദേശം.

### 1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

മേലേക്കടവ് പാലം നിൽമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ബ്ലോക്ക് നമ്പർ 23, റീസർവ്വേ നമ്പർ 463, 621 ഭാഗം, ഉൾപ്പെട്ട 0.0700 ഹെക്ടർ, വിളപ്പിൽ ബ്ലോക്ക് നമ്പർ 0.1 റീസർവ്വെ നമ്പർ 1-ാം ഭാഗം ഉൾപ്പെട്ട 0.0100 ഹെക്ടർ (...... ആർ) ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്. ഏറ്റെടുക്കേണ്ടതായ വസ്തുക്കൾ ഒരു സ്വകാര്യ വ്യക്തിയുടേതാണ്.

### 1.4 ബദൽ സാദ്ധ്യതകൾ

മേലേക്കടവ് പാലം നിൽമ്മണത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ 1 സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമി ഭാഗികമായി ബാധിക്കപ്പെടുന്നു. മറ്റ് വാണിജ്യ, വ്യവസായ സ്ഥാപനങ്ങളൊന്നുംതന്നെ പൊളിച്ചുമാറ്റേണ്ടതായി പദ്ധതി പ്രദേശത്ത് നിലവിൽ ഇല്ല. ഭൂ ഉടമകൾക്കും പ്രദേശവാസികൾക്കും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങളോ പ്രയാസങ്ങളോ ഇല്ല എന്ന് എസ്. ഐ.എ. സ്റ്റഡി ടീം വിശദമായി ചർച്ചചെയ്ത് ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠനത്തിന്റെ പ്രധാന ചുമതല എന്നത് പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് വളരെ കൃത്യമായി രേഖപ്പെടുത്തി, ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി, സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കുവാനും, അവ നടപ്പിലാക്കുവാനും ഈ പഠനം വളരെ പ്രയോജനപ്രദമാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽമൂലം 1 സ്വകാര്യ വ്യക്തിയുടെ പുരയിടത്തെ നേരിട്ട് ബാധിക്കുന്നു. നിർമ്മാണം നടക്കുന്ന സമയത്ത് അതുവഴിയുള്ള ഗതാഗതം തടസ്സപ്പെടുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാവിധത്തിലുള്ള പ്രത്യാഘാതങ്ങളും എസ്. ഐ.എ യൂണിറ്റ് പഠനവിധേയമാക്കിയിട്ടുണ്ട്.

## 1.6 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠനത്തോടൊപ്പം പ്രത്യാഘാത ലഘൂകരണ നിർദ്ദേശങ്ങൾകൂടി എസ്. ഐ.എ സ്റ്റഡി യൂണിറ്റ് പഠനവിധേയമാക്കിയിട്ടുണ്ട്.

പദ്ധതി പ്രദേശത്ത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാതങ്ങൾക്കുപരിഗുണങ്ങളാണുള്ളത്.

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടുന്നത് | 1 സ്വകാര്യ വ്യക്തിയുടെ ഭൂമി പ്രത്യക്ഷമായി ബാധിക്കപ്പെടുന്നു | 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനുമായി അവകാശനിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് |
| 2 | പൊതു ഉപയോഗമുതൽ നഷ്ടപ്പെടുന്നത് | വൈവദ്യുതി പോസ്റ്റുകൾ, ജലവിതരണം എന്നിവ | നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം പുനഃസ്ഥാപനവും നടത്തേണ്ടതാണ്. |

# അദ്ധ്യായം - 2

## വിശദമായ പദ്ധതി വിവരണം

### 2.1 പദ്ധതിയുടെ പശ്ചാത്തലം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ വട്ടിയൂർക്കാവ് മൂന്നാമ്മൂട് വിളപ്പിൽ റൂട്ടിൽ, മൂന്നാമ്മൂട് ജംഗ്ഷനിൽ നിന്നും ആയിരവല്ലിക്ഷേത്രത്തിനു സമീപത്തായി കരമന ആറിനു കുറുകെ പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നു. മൂന്നാമ്മൂട് ജംഗ്ഷനിൽ നിന്നും വിളപ്പിൽ, പുളിയറക്കോണം, കാപ്പിവിള തുടങ്ങിയ ജനനിബിഡമായ പ്രദേശങ്ങളിലേയ്ക്ക് പോകുന്നതിനുള്ള യാത്രാമാർഗ്ഗമാണിത്. മേലേക്കടവ് പാലത്തിന്റെ അഭാവത്തിൽ 10 കിലോമീറ്ററിലധികം ചുറ്റി സഞ്ചരിച്ചു മാത്രമേ പ്രദേശവാസികൾക്കും പൊതുജനങ്ങൾക്കും മേൽപ്പറഞ്ഞ സ്ഥലങ്ങളിലേയ്ക്ക് എത്തിച്ചേരാനാകൂ.

ആയിരവല്ലിക്ഷേത്രത്തിനു സമീപം വളരെ വിസ്തൃതിയൽ ഒഴുകുന്ന കരമനയാറിലൂടെ മഴക്കാലങ്ങളിലും അരുവിക്കര ഡാം തുറക്കുന്ന സമയങ്ങളിലും വലിയതോതിൽ വെള്ളപ്പൊക്കമുണ്ടാവുകയും ജനങ്ങൾക്ക് യാത്രായോഗ്യമല്ലാത്ത സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്യുന്നതിനാൽ പ്രദേശവാസികളുടെയും ജനപ്രതിനിധികളുടെയും ദീർഘകാലത്തെ ആവശ്യമാണ് മേലേക്കടവ് പാലം നിർമ്മാണത്തിലൂടെ സാക്ഷാത്ക്കരിക്കപ്പെടുന്നത്.

### 2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നവിധം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട, വിളപ്പിൽ വില്ലേജുകളിൽ ഉൾപ്പെട്ട പ്രദേശമാണ് മേലേക്കടവ് പാലം. സർവ്വേകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ മേലേക്കടവ് പാലം നിർമ്മാണ പദ്ധതി പ്രായോഗികമാകുന്നതുകൊണ്ട് തദ്ദേശവാസികൾക്കും നിലവിലെ സ്വകാര്യ ഭൂമിയിലെ പാലം ഉപയോഗിക്കുന്ന മറ്റുള്ളവർക്കും ഇപ്പോൾ അനുഭവത്തിലുള്ള യാത്രാ ക്ലേശങ്ങളിൽ നിന്നും രക്ഷ ലഭിക്കുന്നതിനും കൂടാതെ പ്രദേശവാസികളുടെ സുരക്ഷയ്ക്കും സമയലാഭത്തിനും കൂടി വകനൽകുന്നതാണ് പ്രസ്തുത പദ്ധതി.

## 2.3 പദ്ധതിയുടെ വലിപ്പം, സ്ഥാനം എന്നിവ

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 23, റീസർവ്വേ നമ്പർ 463, 621 ഭാഗം, ഉൾപ്പെട്ട 0.0700 ഹെക്ടർ, വിളപ്പിൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 0.1 റീസർവ്വെ നമ്പർ 1-ാം ഭാഗം ഉൾപ്പെട്ട 0.0100 ഹെക്ടർ എന്നീ ഭൂമിയാണ് ടി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്.

## 2.4 പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്നതോടുകൂടി മേലേക്കടവ് പാലത്തിന് ഇരുവശത്തു നിന്നും ഏറ്റെടുക്കുന്ന സ്വകാര്യ വ്യക്തിയുടെ ഭൂമിക്ക് അർഹമായ നഷ്ടപരിഹാരം നൽകേണ്ടതാണ്. പദ്ധതി പ്രദേശത്ത് പട്ടയമില്ലാത്ത മൂന്ന് കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മറ്റ് കുടിഒഴിപ്പിക്കേണ്ടതോ പുനരധിവസിപ്പിക്കേണ്ടതോ ആയ സാഹചര്യങ്ങൾ പദ്ധതി പ്രദേശത്തില്ല.

## 2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

കരമനയാറിന് കുറുകെ മേലേക്കടവ് പാലം നിർമ്മിക്കുന്നതിനായി പേരൂർക്കട, വിളപ്പിൽ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 0.0800 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഈ പദ്ധതി നിർവ്വഹണത്തിന്റെ ചുമതല വഹിക്കുന്നത് കളക്ട്രേറ്റിലെ ബഹു: എൽ. എ. എയർപോർട്ട് തഹസീൽദാർ ആണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം പര്യാപ്തമായ രീതിയിൽ സ്ഥാപിക്കേണ്ടതാണ്.

## 2.6 അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത

പദ്ധതിയുടെ നിർമ്മാണത്തിൽ അനുബന്ധമായി അനുയോജ്യമായ ചില ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്.

ഇലക്ട്രിക് പോസ്റ്റുകൾ തുടങ്ങിയവ നീക്കം ചെയ്യേണ്ടതായും പുന:സ്ഥാപിക്കേണ്ടതായുമുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ സമയബന്ധിതമായി വിവിധ വകുപ്പുകളുടെ

സഹകരണത്തോടെ നടപ്പിലാക്കിയാൽ പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാനും കഴിയും.

## 2.7 തൊഴിലാളികളുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതിയുടെ പ്രാധാന്യം വിലയിരുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനം വേഗത്തിൽ നടത്തുവാൻ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിനുവേണ്ടി അത്യാധുനികമായ ഉപകരണങ്ങളും, വൈദഗ്ധ്യ തൊഴിലാളികളും അത്യന്താപേക്ഷിതമാണ്.

## 2.8 മുൻപ് നടത്തിയ പഠനങ്ങൾ

കരമനയാറിന് കുറുകെ മേലേക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻപഠനങ്ങൾ ഒന്നുംതന്നെ നടന്നതായി എസ്. ഐ.എ. സ്റ്റഡി യൂണിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ. ആർ. ഡി. എന്ന സ്ഥാപനം നടത്തിയതുമാത്രമാണ് ഇത്തരത്തിൽ ആദ്യത്തേതും പൂർണ്ണവുമായ പഠനം.

## 2.9 സംയുക്തമായ നയങ്ങളും നിയമങ്ങളും

കരമനയാറിന് കുറുകെ മേലേക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനഃസ്ഥാപനം, അർഹമായ നഷ്ടപരിഹാരം നൽകൽ എന്നീ പ്രക്രിയകളിൽ താഴെപറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

1. 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശത്തിനും.
2. 2015-ലെ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ.
3. 17-10-2015-ലെ 36253 ബി1/2014 ആർ. ഡി. നമ്പർ സർക്കാർ പരിപത്രം.
4. തുടർന്നുള്ള സർക്കാർ വിജ്ഞാപനങ്ങളും, ഉത്തരവുകളും.
5. അതത് കാലത്ത് കോടതികൾ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ.

## അദ്ധ്യായം - 3

## സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

### 3.1 പശ്ചാത്തലം

## കരമനയാറിനു കുറുകെ മേലേകടവ് പാലം നിർമ്മിക്കുന്നതിനായി

## ഭൂമി ഏറ്റെടുക്കൽ പദ്ധതി

കരമനയാറിന് കുറുകെയുള്ള പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ബഹു: ജില്ലാഭരണകൂടം 2025 ഫെബ്രുവരി 26 ലെ 752-ാം നമ്പർ അസാധാരണ ഗസറ്റിലൂടെ ഐ. ആർ. ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ കാരണം ആഘാതം നേരിടേണ്ടിവരുന്ന ഭൂഉടമകളുടയെും, കെട്ടിട ഉടമകളുടെയും, കുടുംബങ്ങളുടയെും, കണക്കെടുപ്പ്, സാമൂഹികാഘാതം കണക്കാക്കൽ എന്നിവയാണ് എസ്. ഐ.എ. സ്റ്റഡിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാത ബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രിതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘചർച്ചകൾ സംഘടിപ്പിച്ച് (Focal Group Discussion) വിവരങ്ങളും, അഭിപ്രായങ്ങളും ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുകയും ആയത് ജനങ്ങളുടെ ഭൗതീകവും, സാമ്പത്തികവുമായ സുസ്ഥിരതയ്ക്കും ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹിക പ്രത്യാഘാത പഠനവിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പുള്ള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനുള്ള

പദ്ധതികളാണ് പുനരധിവാസ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽകണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

- പദ്ധതിയുടെ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം.
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ആഘാതബാധിതർ, പൊതുപ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയ വിനിമയങ്ങളും.
- 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, അനുബന്ധ ചട്ടങ്ങളും വായിച്ചു മനസ്സിലാക്കുക.
- വ്യത്യസ്ത തലങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവരശേഖരണം.
- അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠനവിധേയമാക്കൽ.
- തിരുവനന്തപുരം ബഹു: സ്പെഷ്യൽ തഹസീൽദാർ അഡീഷണൽ എൽ. എ. ഓഫീസിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെയും എസ്. ഐ.എ. സ്റ്റഡി ടീമിന്റെയും കൂട്ടായ്മയോടുകൂടിയുള്ള പദ്ധതി പ്രദേശ സന്ദർശനം.
- പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായും, ജനപ്രതിനിധികളുമായും, പ്രദേശത്തെ സാമൂഹിക സാംസ്ക്കാരിക പ്രവർത്തകരുമായുള്ള ആശയവിനിമയം.
- ആഘാതബാധിതരായ വ്യക്തികളുടയെും, കുടുംബങ്ങളുടയെും, വസ്തുവകകളുടെയും കണക്കെടുപ്പും വിവരശേഖരണവും.
- സാമൂഹിക-സാമ്പത്തിക സ്ഥിതിവിവരങ്ങളുടെ വിശകലനം.
- പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള ചർച്ചയും അഭിപ്രായ സ്വരൂപണങ്ങളും.
- പദ്ധതി പ്രദേശത്തെ പൊതുജനങ്ങളുമായുള്ള അഭിമുഖങ്ങളും ചർച്ചയും.
- സാമൂഹ്യപ്രത്യാഘാത പഠനവിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.

### 3.3 എസ്. ഐ. എ. സ്റ്റഡി ടീം

എസ്. ഐ. എ. സ്റ്റഡി ടീം ലീഡർമാരായ ശ്രീമതി. ശ്രീജ വി, ഹരിത . യു .എസ് എന്നിവർ നേതൃത്വം വഹിക്കുന്ന സ്റ്റഡി ടീം സെൻസസ് രീതിയിലുള്ള സർവ്വെയിലൂടെ വിവര ശേഖരണം, ഏകോപനം എന്നിവ നടത്തി റിപ്പോർട്ട് തയ്യാറാക്കി. കഴിഞ്ഞ 26 വർഷത്തിലധിക മായി സാമൂഹിക പ്രവർത്തന രംഗത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്ന ഐ. ആർ. ഡി. എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് ഡയറക്ടർ ശ്രീ. സി. ബാലചന്ദ്രനാണ് എസ്. ഐ. എ. സ്റ്റഡി ടീമിനെ നയിക്കുന്നത്.

| പേര് | പ്രൊഫൈൽ | നിയോഗിച്ചിട്ടുള്ള ചുമതലകൾ |
|---|---|---|
| സി. ബാലചന്ദ്രൻ | പ്രോജക്ട് ഡയറക്ടർ | പദ്ധതി തയ്യാറാക്കൽ, ജനറൽ സൂപ്പർവിഷൻ |
| ശ്രീജ . വി<br>ഹരിത യി. എസ് | ടീം ലീഡർ | സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് തയ്യാറാക്കൽ, കളക്ട്രേറ്റിൽനിന്നും ബന്ധപ്പെട്ട വിവിധ ഡിപ്പാർട്ട്മെന്റുക ളിൽ നിന്നും ആധികാരിക രേഖകൾ ശേഖരിക്കൽ |
| അനൂപ് | പ്രോഗ്രാം കോ-ഓർഡിനേറ്റർ | കരട് റിപ്പോർട്ട്, വെബ്സൈറ്റ് പ്രസിദ്ധി കരിക്കൽ |
| | ടീം അംഗങ്ങൾ | പ്രാഥമിക വിവരശേഖരണവും ക്രോഡീ കരണവും, പൊതുജന സമ്പർക്ക യോഗ റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ |
| ശൈലജ കുമാരി . എസ് | | ഡോക്യുമെന്റേഷൻ |

### 3.4 ദ്വിതീയ വിവരശേഖരണം

കരമനയാറിന് കുറുകെയുള്ള പാലം നിർമ്മാണത്തിന് ഏറ്റെടുക്കേണ്ട ഭൂമിയിലെ ആൾക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലി നായി വ്യത്യസ്തങ്ങളായ ദ്വിതീയ വിവരങ്ങൾ ഓരോ വ്യക്തികളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ പലപ്രാവശ്യം ചർച്ച ചെയ്യുകയും ആഘാത ബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രാഥമിക വിവരങ്ങളുമായി

ഒത്തുനോക്കുകയും പരസ്പര പൂരകങ്ങളാണെന്നു ബാധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ആഘാതബാധിതമായ പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പത്തിക, സാംസ്ക്കാരിക സ്ഥിതി യെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതീയ വിവരങ്ങൾ.

## 3.5 പദ്ധതിപ്രദേശ സന്ദർശനവും വിവരണങ്ങൾ നൽകലും

വിശദമായ സാമൂഹ്യ പ്രത്യാഘാതപഠന വിലയിരുത്തൽ നൽകുന്നതിനു മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രാരംഭമായി സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാസ്ഥിതി വിവര ശേഖരണത്തിൽ ഏതാനും പേരിൽ നിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും, അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണമായ തോതിൽ ഉള്ള വിവരശേഖരണം നടത്തുകയും ചെയ്തു.

പദ്ധതി പ്രദേശവും ആഘാതബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും നേരിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2025 മെയ് മാസത്തിൽ അന്തിമമായി പ്രാഥമിക വിവര ങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

## 3.6 സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരണശേഖരണം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 23, റീസർവ്വേ നമ്പർ 463, 621 ഭാഗം, ഉൾപ്പെട്ട 0.0700 ഹെക്ടർ, വിളപ്പിൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 0.1 റീസർവ്വെ നമ്പർ 1-ാം ഭാഗം ഉൾപ്പെട്ട 0.0100 ഹെക്ടർ (...... ആർ) ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. പ്രാദേശിക തലത്തിൽ സാമൂഹിക, സാമ്പത്തിക സ്ഥിതി വിവര ശേഖരണം നടത്തുന്നതിനു മുന്നോടിയായി സർക്കാർ വിജ്ഞാപനത്തിൽ പ്രതി പാദിച്ചിരിക്കുന്ന ആഘാതബാധിതരായ വ്യക്തികളുടെയും, കുടുംബങ്ങളുടയെും, സ്ഥാപനങ്ങ ളുടെ ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ ഭൂവിസ്തൃതി, സർവ്വെ നമ്പർ, തണ്ടപ്പേര് നമ്പർ

എന്നിങ്ങനെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട പേരൂർക്കട, വിളപ്പിൽ വില്ലേജ് ഓഫീസുകളിൽ നിന്നും ശേഖരിച്ചു. മേൽ സൂചിപ്പിച്ച രേഖകൾ അടങ്ങിയ വിവരങ്ങൾ നൽകുന്നതിന് പേരൂർക്കട, വിളപ്പിൽ എന്നി വില്ലേജുകളിലെ വില്ലേജ് ഓഫീസർമാരും സഹപ്രവർത്തകരും സഹകരിക്കുകയും പ്രസ്തുത രേഖകൾ തരുകയും ചെയ്തു. ഭൂരേഖ, ഉടമസ്ഥത എന്നിവ യുടെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം പ്രാദേശിക തലത്തിൽ സാമൂഹിക, സാമ്പത്തിക സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിച്ചു. ആഘാ തബാധിതരായ വ്യക്തികളെ നേരിട്ടുകണ്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ച ത്.

## 3.7 സ്ഥിതിവിവര ക്രോഡീകരണവും പരിശോധനയും

പദ്ധതി പ്രദേശത്ത് നിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ തരംതിരിച്ച് ആവശ്യമായ പരി ശോധനകൾ നടത്തുകയും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു.

## 3.8 സ്ഥിതിവിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും വ്യത്യസ്ഥ മാനദണ്ഡങ്ങളുടെ അടിസ്ഥാന ത്തിൽ വിശകലനം ചെയ്തു. അവ സാമൂഹ്യ പ്രത്യാഘാത പഠന വിശകലന റിപ്പോർട്ട് തയ്യാ റാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തു.

എസ്. ഐ. എ. സ്റ്റഡിയുടെ തുടക്കത്തിൽ ഗുണഭോക്താക്കളെ ബന്ധപ്പെടുന്നതിന് ബുദ്ധി മുട്ടുണ്ടാവുകയും അവരിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്തു.

# അദ്ധ്യായം - 4

# ഭൂ നിർണ്ണയം

## ആമുഖം

കരമനയാറിന് കുറുകെയുള്ള മേലേക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിൽ മുഴുവൻ വ്യക്തികളുടെയും സാമൂഹിക സാമ്പത്തിക സ്ഥിതിവിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവൃത്തികൾ മേയ് മാസം 4-ാം വാരത്തിൽ പൂർത്തീകരിക്കുകയും ആഘാതബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യ സ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ അഭിപ്രായങ്ങൾ, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിന് സാമൂഹിക സ്ഥിതിവിവര കണക്കെടുപ്പ് സഹായകമായി.

### 4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

പദ്ധതിക്കായി മൊത്തം 0.0800 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇതിൽ 1 സ്വകാര്യ വ്യക്തികളുടെതും പട്ടയമില്ലാതെ താമസിക്കുന്ന 3 കുടുംബങ്ങളുടെ ഭൂമിയുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തിന്റെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| No. | Use of Land | Count | Percentage |
|---|---|---|---|
| 1 | Road | | |
| | | | |

## 4.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

## 4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

കരമനയാറിന് കുറുകെയുള്ള മേലേക്കടവ് പാലം നിർമ്മാണത്തിനായി പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 23, റീസർവ്വേ നമ്പർ 463, 621 ഭാഗം, ഉൾപ്പെട്ട 0.0700 ഹെക്ടർ, വിളപ്പിൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 0.1 റീസർവ്വെ നമ്പർ 1-ാം ഭാഗം ഉൾപ്പെട്ട 0.0100 ഹെക്ടർ (...... ആർ) ഭൂമിയാണ് ടി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടിവരുന്നത്.

പദ്ധതി പ്രദേശത്ത് ഭൂരിഭാഗവപും സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂ പ്രദേശമാണ് ഏറ്റെടുക്കേണ്ടിവരുന്നത്.

| Land Ownership | Count | Percentage |
|---|---|---|
| Private | 1 | |

## 4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം

പൊതു സ്ഥലങ്ങളെയോ നിർമ്മാണങ്ങളെയോ പദ്ധതി ബാധിക്കുന്നില്ല.

## 4.5. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുത്ത ഭൂമി

. നിർദ്ദിഷ്ട പദ്ധതിക്കായി മുൻപ് ഭൂമി ഏറ്റെടുത്തിട്ടില്ല.

## 4.6 ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കായി പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 23, റീസർവ്വേ നമ്പർ 463, 621 ഭാഗം, വിളപ്പിൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 1-ാം ഭാഗം എന്നിവയിൽ ഉൾപ്പെട്ട 0.0800 ഹെക്ടർ (...... ആർ) ഭൂമിയാണ് ടി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടിവരുന്നത്.

ഭൂരിഭാഗവും സ്വകാര്യ ഉടമടുടെയും കുറച്ചുഭാഗം പട്ടയമില്ലാതെ താമസിക്കുന്ന കുടുംബങ്ങളുടെയുമാണ്. അതിൽ ഉൾപ്പെടുന്ന വാസഗൃഹങ്ങൾ, മരങ്ങൾ എന്നിവയെ പദ്ധതി ബാധിക്കുന്നുണ്ട്. തരംതിരിച്ചുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.

| ക്രമന മ്പർ | കൈവശക്കാരന്റെ പേര് | മരങ്ങളുടെ എണ്ണം |
| --- | --- | --- |
| 1 | രശ്മി ജോയി ജേക്കബ്<br>ചിത്തിര അസോസിയേറ്റ് | 5 തെങ്ങും മറ്റ് ചെറുമരങ്ങളും |

## 4.7 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഭൂഉടമ മറ്റ് സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങിച്ചേർത്ത ഭൂമിയാണ്.

## അദ്ധ്യായം - 5

# മൂല്യ നിർണ്ണയവും വിശകലനവും

### 5.1 ആമുഖം

ഭൂമി ഏറ്റെടുക്കൽമൂലം ഭൂ ഉടമകൾക്ക് പ്രത്യക്ഷവും പരോക്ഷവുമായുണ്ടാകുന്ന നഷ്ടങ്ങളുടെ കണക്കെടുപ്പിനെയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഭൂമിയും അവയിലെ ചെറു മരങ്ങളും ഒഴിച്ചാൽ മറ്റ് വീടോ വാണിജ്യ സ്ഥാപനങ്ങളോ ഏറ്റെടുക്കേണ്ടതായ ആവശ്യം പദ്ധതി പ്രദേശത്ത് ഇല്ല.

### 5.2 പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത്

പദ്ധതി നടപ്പിലാക്കുന്നതോടുകൂടി 1 സ്വകാര്യ വ്യക്തിയുടെ പുരയിടങ്ങൾ ഭാഗിതമായി നഷ്ടപ്പെടുന്നു.

### 5.3 പരോക്ഷമായി ബാധിക്കപ്പെടുന്നത്

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ താൽക്കാലിക ഗതാഗത സ്തംഭനവും ക്വാറി യിലേയ്ക്ക് പോകുന്ന റോഡിനെയും ചുറ്റുപാടുമുള്ള മരങ്ങളെയും ബാധിക്കുന്നു.

### 5.4 ബാധിത കുടുംബങ്ങൾ

1 സ്വകാര്യവ്യക്തിയുടെ പുരയിടം ഭാഗികമായും പട്ടയമില്ലാത്ത 3 കുടുബങ്ങളെയും ബാധി ക്കുന്നതിന് സാദ്ധ്യതയുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമകളുടെ പേര് | പൂർണ്ണമായി/ഭാഗി കമായി | സർവ്വേ നമ്പർ തണ്ടപ്പേര് | വില്ലേജ് |
|---|---|---|---|---|
| 1 | രശ്മി ജോയി ജേക്കബ്<br>ചിത്തിര അസോസിയേറ്റ്<br>പടിഞ്ഞാറ്റേത്തറ<br>തിരുവനന്തപുരം | ഭാഗികമായി | 463/11<br>54969 | പേരൂർക്കട |

## 5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂഉടമയുടെ പുരയിടം ഭാഗികമായി നഷ്ടപ്പെടുന്നു. മറ്റ് ഉപജീവന മാർഗ്ഗങ്ങളെയും താമസ സൗകര്യങ്ങളെയും പ്രത്യക്ഷത്തിൽ ബാധിക്കുന്നില്ല.

## അധികമായി ലഭിച്ച വിവരങ്ങൾ

ആഘാതബാധിതരിൽനിന്നും നേരിട്ടെടുത്ത വിവരങ്ങളുമായി ഒത്തുനോക്കുമ്പോൾ, പേരൂർക്കട. വിളപ്പിൽ വില്ലേജുകളിൽ നിന്നും ലഭിച്ചിട്ടുള്ള സർവ്വേ നമ്പർ, തണ്ടപ്പേര് എന്നിവയിൽ വ്യത്യാസമില്ല.

## അദ്ധ്യായം - 6

# സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

പദ്ധതി പ്രദേശത്ത് 1 സ്വകാര്യ ഭൂഉടമയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുമാണുള്ളത്.

| No | Social Status | Count |
|---|---|---|
| 1 | APL | 1 |
| 2 | BPL | 0 |
| 3 | Others | 0 |

## അദ്ധ്യായം - 7

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

## 7.1 ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

കരമനയാറിന് കുറുകെയുള്ള മേലേക്കടവ് പാലം നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവ കാരണമുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഇല്ലാതാക്കുന്നതിനോ, കുറക്കുന്നതിനോ എസ്. ഐ. എ. സ്റ്റഡി നടത്തുന്നതിലൂടെ, വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും ആഘാതത്തിന്റെ തോത് കുറയ്ക്കുവാനും സാധിക്കുന്നു.

## 7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

| നിർമ്മാണത്തിന് മുമ്പ് | നിർമ്മാണഘട്ടം | പ്രവർത്തനഘട്ടം |
|---|---|---|
| ഭൂമി ഏറ്റെടുക്കൽ | ഒഴിഞ്ഞ പുരയിടം | നിർമ്മിക്കപ്പെടുന്ന പാലത്തിലൂടെ യാത്ര സുഗമം ആകുന്നു. |
| യാത്ര ദുഷ്ക്കരം, മഴക്കാലം പാലം കവിഞ്ഞ് വെള്ളം ഒഴുകുന്നു. | ഗതാഗതം തടസ്സപ്പെടാൻ സാദ്ധ്യത | ഗതാഗതം പുനസ്ഥാപിക്കപ്പെടുന്നു. |

## 7.3 ആഘാത ബാധിതരുടെ തരം

1. *പ്രാഥമിക ആഘാത ബാധിതർ*

ഭൂഉടമസ്ഥൻ

2. *ദ്വിതീയ ആഘാത ബാധിതർ*

പദ്ധതി പ്രദേശത്തിന്റെ ചുറ്റുപാടും താമസിക്കുന്നവർ.

## 7.4 പൊതുജനങ്ങളുടെ ആശങ്കകൾ

### *എ) ആരോഗ്യം*

മേലേക്കടവ് പാലം അതിവേഗം പണികഴിപ്പിക്കുമോ എന്ന ആശങ്ക.

### *ബി) ഗതാഗതം*

പുതിയ പാലം പണിയുന്ന സമയത്ത് ഗതാഗതം ദുസ്സഹമാകുമോ എന്നുള്ള ആശങ്ക.

### *സി) മഴവെള്ളം*

കഠിനമായ മഴയെത്തുടർന്ന് ക്വാറിക്കുള്ളിലൂടെയുള്ള ഗതാഗത മാർഗ്ഗമായ സ്വകാര്യ കമ്പനി നിർമ്മിച്ച പാലത്തിന് മുകളിലൂടെ വെള്ളം ഒഴുകി ഗതാഗതം തടസ്സം സൃഷ്ടിക്കാറുണ്ട്. ആയതിനാൽ പുതിയ പാലം ഉയർത്തിയാണോ പണികഴിപ്പിക്കുന്നത് എന്നുള്ള ആശങ്ക.

### *ഡി) വൈദ്യുതി*

നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുമ്പോൾ വൈദ്യുതി വിതരണ പ്രശ്നങ്ങളെ ബാധിക്കുമോ എന്നുള്ള ആശങ്ക.

### *പരിഹാരമാർഗ്ഗം*

മേൽപറഞ്ഞ ആശങ്കകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ സമയോചിതമായ ഇടപെടലുകളും കാര്യക്ഷമതയും അനിവാര്യമാണ്.

## 7.5 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ

1. 23-09-2015-ലെ 485/15/ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂ ഉടമകളുമായി ചർച്ചനടത്തി നിലവിലെ കമ്പോളവില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.
2. 29-12-2017-ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ള പുനരധിവാസ പുന:സ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക.
3. പദ്ധതി ആസൂത്രണ-നിർവ്വഹണ സമയങ്ങളിൽ സർവ്വേപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

## 7.6 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

ആർ. എഫ്. സി. റ്റി. എൽ. എ. ആർ. ആർ. ആക്റ്റ് അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം നൽകുകയും പുനരധിവാസം നടത്തേണ്ടതുമാണ്.

## 7.7 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതിവിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | 1 സ്വകാര്യ ഭൂഉടമയുടെ ഭൂമി പ്രത്യക്ഷത്തിൽ ബാധിക്കുന്നു. | 1. 23-09-2015-ലെ 485/15/ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാരിന്റെ നയത്തിനനുസരിച്ച് ഭൂഉടമകളുമായി ചർച്ചനടത്തി നിലവിലെ കമ്പോളവില ലഭ്യമാക്കുന്നതിനുള്ള സാബചര്യമൊരുക്കുക. |
| 2 | പൊതുഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | വൈദ്യുതി, ടാറിട്ട റോഡ് | |

# അദ്ധ്യായം - 8

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

കരമനയാറിന് കുറുകെ മേലേക്കടവ് പാലം നിർമ്മാണ പദ്ധതി 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, നഷ്ടപരിഹാരത്തിനുമുള്ള, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള പൊതു ആവശ്യമെന്ന ശീർഷകത്തിൽ വരുന്നതാണ്. കാലാകാലങ്ങളായി ഭൂമിയും വസ്തുവകകളും കൈവശംവച്ചും ഉടമസ്ഥപ്പെടുത്തിയും വരുന്ന പ്രാഥമിക ആഘാത ബാധിതരും പരിസരത്ത് താമസിക്കുന്ന പട്ടയമില്ലാത്ത കുടുംബങ്ങളുമാണ്. ആയതിനാൽ 2013 ലെ നിയമങ്ങളും അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് സാമൂഹ്യപ്രത്യാഘാതങ്ങൾ പരമാവധി കുറയ്ക്കാവുന്നതാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് 1 സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുമാണുള്ളത്.

# അദ്ധ്യായം - 9

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

### സ്ഥാപന ഘടനയും പ്രധാന വ്യക്തികളും

മേലേക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ, പദ്ധതി പ്രദേശത്തെ ഭൂമി ഏറ്റെടുക്കൽവഴി ബാധിതരായ വ്യക്തികൾക്കും കുടുംബങ്ങൾക്കുമുള്ള പുനരധിവാസ, പുനഃസ്ഥാപന പ്രവർത്തികളെ ആസുത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണമെന്ന് 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥചെയ്യുന്നത്. ഇതിൻപ്രകാരം നിയമിതനായ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും പുനരധിവാസ, പുനഃസ്ഥാപന കമ്മിഷണറുടെയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിർദ്ദേശങ്ങളനുസരിച്ച് പുനരധിവാസ പുനഃസ്ഥാപന പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്നും ഗതിനിയന്ത്രണം നടത്തേണ്ട താണെന്നും നിയമം അനുശാസിക്കുന്നു.

മേൽപറഞ്ഞപ്രകാരം 2013-ലെ നിയമം അനുശാസിക്കുന്ന രീതിയിൽ അനുയോജ്യമായ നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള ആഘാത ലഘൂകരണ മാർഗ്ഗങ്ങളിലൂടെ മേലേക്കടവ് പാലം നിർമ്മാണ പദ്ധതിക്കായി പുനരധിവാസകേന്ദ്രം നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യ മായ ഭൂമി പ്രയാസങ്ങളും എതിർപ്പുകളും പരമാവധി ലഘൂകരിച്ചുകൊണ്ട് ഏറ്റെടുക്കാൻ സാധി ക്കുന്നതാണ്. സംസ്ഥാന സർക്കാർ 2015 സെപ്റ്റംബർ 23ലെ ഉത്തരവ് (എം. എസ്) നമ്പർ 485/15/ആർ. ഡി. സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ സുതാര്യതയ്ക്കായുള്ള നയം എന്നിവ സുപ്രധാന രേഖകളാണ്.

എല്ലാ ജില്ലകളിലും ന്യായവില, പുനരധിവാസ, പുനഃസ്ഥാപന കമ്മിറ്റികൾ രൂപ വൽക്കരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ വേഗത കൂട്ടാനും സമയബന്ധിതമായി നഷ്ടപരി ഹാരം നൽകുന്നതിനുംവേണ്ടി ജില്ലാ കളക്ടർ, അഡ്മിനിസ്ട്രേറ്റർ (പുനരധിവാസം, പുനഃസ്ഥാ

പനം), ലാന്റ് അക്വുസിഷൻ ഓഫീസർ, ഫിനാൻ ഓഫീസർ, അർദ്ധനാധികാരി, പ്രാദേശിക സ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധി തുടങ്ങിയവർ അംഗങ്ങളായ സമിധി മേൽനോട്ടംവഹി ക്കുന്നു.

# അദ്ധ്യായം - 10

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

2013-ലെ എൽ. എ. ആർ. ആർ. ആക്ട് അനുസരിച്ച് ആർ. ശി. ആർ. എഫ്. സി. റ്റി. പ്രകാര മുള്ള നഷ്ടപരിഹാരം ഭൂഉടമകൾക്ക് നൽകിയോ എന്നും ന്യാമായ നഷ്ടപരിഹാരം ലഭിച്ചോ എന്നുള്ളതും നിരീക്ഷിക്കുകയും അവലോകനം നടത്തുകയും വേണം.

# അദ്ധ്യായം - 11

# വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും

നിർദ്ദിഷ്ട പദ്ധതിപ്രദേശം സ്വകാര്യ വ്യക്തിയുടെ ക്വാറിയിലേയ്ക്കുള്ള യാത്രാമാർഗ്ഗത്തിനായി ഉപയോഗിച്ചുവരുന്നു. കൂടാതെ പട്ടയമില്ലാത്ത 3 കുടുംബങ്ങൾ താമസത്തിനുവേണ്ടിയും ഉപയോഗിച്ച് വരുന്നതാണ്.

ഈ പദ്ധതിയുടെ നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കുന്നതിലുള്ള ആഘാതം വളരെ കുറവാണ്.

പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും അവരുടെ താൽപര്യവും കണക്കിലെടുത്ത് ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണം.

### 11.1 പ്രധാന കണ്ടെത്തലുകൾ

- എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ കണ്ടെത്തൽ പ്രകാരം പദ്ധതിപ്രദേശത്ത് 1 സ്വകാര്യ ഭൂഉടമയുടെ പുരയിടവും നദിക്ക് കുറുകെയുള്ള പ്രദേശം എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്.
- ഭൂരിഭാഗം ഭൂമിയും മറ്റ് വ്യക്തികളിൽ നിന്നും വാങ്ങി ചേർത്തിട്ടുള്ളവയാണ്.
- മഴക്കാലങ്ങളിൽ കരമനയാറിലെ വെള്ളം നിലവിൽ ഗതാഗതത്തിന് ഉപയോഗിക്കുന്ന ക്വാറിക്കുള്ളിലൂടെയുള്ള പാലത്തിനു മുകളിലൂടെ ഒഴുകി ഗതാഗതം തടസ്സപ്പെടുന്നു.
- ഭൂ ഉടമ പദ്ധതിയോട് വളരെ അനുകൂല നിലപാടാണ് എടുത്തിട്ടുള്ളത്.

## 11.2 എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

പദ്ധതി ബാധിത ഭൂഉടമയ്ക്ക് ന്യായമായ നഷ്ടപരിഹാരവും ഉറപ്പുവരുത്തേണ്ടതാണ്. പട്ടയമില്ലാത്ത കുടുംബങ്ങളെ ബാധിക്കുന്നപക്ഷം അർഹമായ നഷ്ടപരിഹാരം ഉറപ്പുവരുത്തേണ്ടതാണ്.

ഈ പദ്ധതിയുടെ പ്രാധാന്യവും പ്രദേശവാസികളുടെ ബുദ്ധിമുട്ടുകളും പരിഗണിച്ച് ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കേണ്ടതാണ്.

മഴക്കാലത്ത് ശക്തമായ നീരൊഴുക്ക് ഉള്ളതിനാൽ പുതിയ പാലം ബലവത്തായ രീതിയിൽ വളരെ ഉയരത്തിൽ നിർമ്മാണം പൂർത്തിയാക്കണമെന്ന് എസ്. ഐ. എ. സ്റ്റഡി യൂണിറ്റ് ശുപാർശ ചെയ്യുന്നു.

# ഭൂമി ബാധിക്കുന്നവരുടെ വിവരങ്ങൾ

താലൂക്ക് : തിരുവനന്തപുരം

ബ്ലോക്ക് : 23

വില്ലേജ് : പേരൂർക്കട

ഭൂമിയുടെ തരം : പുരയിടം

| നമ്പർ | പട്ടാദാരുടെ പേര്, അഡ്രസ്സ് | ബാധിക്കുന്ന ഇനങ്ങൾ | സർവ്വേ നമ്പർ/ തണ്ടപ്പേര് | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | രശ്മി ജോയി ജേക്കബ്<br>ചിത്തിര അസോസിയേറ്റ്സ്<br>തിരുവനന്തപുരം | റോഡ്, മരങ്ങൾ, വൈദ്യുത പോസ്റ്റ് | 463/1-1<br>54969 | 0.0700 ഹെക്ടർ |